# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1388** 04.12.2014-ൽ മറുപടിയ്ക്ക്

## മോണോറെയിൽ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.ബി.സത്യൻ** | | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്** (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) | മോണോറെയിൽ നിർമ്മാണത്തിനുള്ള ടെണ്ടർ വിളിച്ചത് ഏത് തീയതിയിലായിരുന്നു ; ഏതെല്ലാം കമ്പനികൾ ടെണ്ടറിൽ പങ്കെടുക്കുകയുണ്ടായി ; അവ ഏതൊക്കെയായിരുന്നു ; വിശദാംശം ലഭ്യമാക്കുമോ ; | (എ) | ആദ്യം 01.10.2013 തീയതിയിൽ ദർഘാസ് ക്ഷണിക്കുകയും, 28.11.2013-ന് പുനർ ദർഘാസ് ക്ഷണിക്കുകയും ചെയ്തു. ബൊംബാർഡിയർ ട്രാൻസ്‌പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, എന്ന കമ്പനി മാത്രമാണ് ടെണ്ടറിൽ പങ്കെടുത്തത്. |
| (ബി) | ടെണ്ടറിൽ പങ്കെടുത്തവരിൽ മതിയായ യോഗ്യതകളുള്ളവർ എത്രയായിരുന്നു ; അവർ ആരൊക്കെയായിരുന്നു ; വിശദാംശം ലഭ്യമാക്കുമോ ; | (ബി) | ബൊംബാർഡിയർ ട്രാൻസ്‌പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന ഒറ്റ സ്ഥാപനത്തിനു മാത്രമേ മതിയായ യോഗ്യത ഉണ്ടായിരുന്നുള്ളൂ. |
| (സി) | കേന്ദ്ര വിജിലൻസ് കമ്മീഷന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് രണ്ടിൽ കൂടുതൽ കമ്പനികൾ ടെണ്ടർ നടപടികളിൽ പങ്കെടുക്കേണ്ടതായിട്ടുണ്ടോ ; മോണോറെയിൽ പദ്ധതിയുടെ കാര്യത്തിൽ അത് ഉണ്ടായിട്ടുണ്ടോ ; | (സി) | ഇല്ല. ടെണ്ടർ നടപടിയിൽ പങ്കെടുത്ത ഏക സ്ഥാപനമായ ബൊംബാർഡിയർ ട്രാൻസ്‌പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, പദ്ധതിയുടെ അടങ്കൽ തുകയേക്കാൾ ഭീമമായ തുക രേഖപ്പെടുത്തിയിരുന്നതിനാൽ 28.08.2014-ന് കൂടിയ കേരള മോണോറെയിൽ കോർപ്പറേഷന്റെ ബോർഡ് യോഗത്തിൽ ടെണ്ടർ നിരസിക്കുകയും ചെയ്തു. |
| (ഡി) | കേരള മോണോറെയിൽ കോർപ്പറേഷൻ ഡയറക്ടർ ബോർഡ് ടെണ്ടറിൽ പങ്കെടുത്ത ഒരു കമ്പനിയുടെ സാങ്കേതിക ബിഡ്ഡിൽ അംഗീകാരം നൽകുകയുണ്ടായിട്ടുണ്ടോ ; പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ ; അതിനായി അപേക്ഷ സമർപ്പിച്ചത് എന്നായിരുന്നു ; വിശദാംശം ലഭ്യമാക്കുമോ ? | (ഡി) | ബൊംബാർഡിയർ ട്രാൻസ്‌പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച സാങ്കേതിക ദർഘാസ് ഡി.എം.ആർ.സി. വിശദമായി പരിശോധിച്ചതിനുശേഷം അംഗീകാരം നൽകി. പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടില്ല. കേന്ദ്ര നഗരവികസന മന്ത്രാലയത്തിന്റെ 20% ഗ്രാന്റ് ലഭ്യമാക്കാനായി അപേക്ഷ 23.01.2014-ന് സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**